## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4308      21/03/2018-ൽ മറുപടിക്ക്

# സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം.രാജഗോപാലൻ** | | **ശ്രീ.പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)** | |
| എ) | സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിലും വർഷങ്ങളായി പെൻഡിംഗ് ആയി കിടക്കുന്ന ഫയലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ; | എ) | ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ 1455 ഫയലുകളും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ 993 ഫയലുകളും വിവിധ ഘട്ടങ്ങളിലായി തീർപ്പുകൽപ്പിക്കുവാനുണ്ട്. |
| ബി) | സമയബന്ധിതമായി ചികിത്സാനുകൂല്യം ലഭിക്കേണ്ട രോഗികൾ മരണപ്പെട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ന്യായമായ ചികിത്സ തുക ആശ്രിതർക്ക് കിട്ടാത്ത കാര്യം സംബന്ധിച്ച് നടപടികൾ ഉണ്ടാകുമോ എന്നറിയിക്കാമോ? | ബി) | സർക്കാരിന്റെ 18.12.2014 ലെ സർക്കുലർ നം.107/2014/ഫിൻ പ്രകാരം, സംസ്ഥാനത്തെ എല്ലാ വകുപ്പുകളുടേയും കീഴിലുള്ള ഒരു ലക്ഷം രൂപ മുതലുള്ള എല്ലാ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകളിലെയും അനുവദനീയ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ തന്നെ കണക്കാക്കി നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ മാറി ലഭിക്കാതിരുന്ന എല്ലാ എം.ആർ. ബില്ലുകളും ആരോഗ്യ വകുപ്പിലേക്ക് മടങ്ങി വരുന്ന സാഹചര്യമുണ്ട്. നിലവിൽ ഓരോ മാസവും ഇത്തരത്തിൽ 400-ൽ അധികം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഓരോ ബില്ലിലെയും അനുവദനീയമായ തുകയും ഇനങ്ങളും കണക്കാക്കേണ്ടി വരുന്നത് ബില്ലുകൾ തീർപ്പാക്കുന്നതിന് കാലതാമസത്തിനിടയാക്കുന്നുണ്ട്. ആരോഗ്യ വകുപ്പിൽ അദാലത്ത് നടത്തി കെട്ടിക്കിടക്കുന്ന ഫയൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിക്കുന്ന ഭൂരിപക്ഷം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് കേസുകളും സ്വകാര്യ ആശുപത്രിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതിൽ തന്നെ സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സ ആണെങ്കിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | അനുമതിയോടുകൂടി മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. അപേക്ഷകൻ ശരിയായ രൂപത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാത്തതും, അപേക്ഷ പരിശോധിക്കുമ്പോൾ ആരോഗ്യവകുപ്പ് ഡയറക്ടറോ സർക്കാരോ കൂടുതൽ രേഖകൾ ആവശ്യപ്പെടുന്നതും, കാലതാമസത്തിന് ഇടവരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും മെഡിക്കൽ ക്ലെയിം പരിശോധിച്ച് അനുവദനീയത അറിയിച്ച ശേഷം സ്വകാര്യ ആശുപത്രിയിലെ ചികിത്സ ആണെങ്കിൽ 80% തുകയ്ക്കുള്ള സർക്കാർ അനുമതി കൂടി ലഭിച്ചാൽ മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അന്തിമമായി തുക പ്രതിപൂരണം ചെയ്ത് ഉത്തരവ് നൽകാനാവുകയുള്ളൂ. ഇതിനാലാണ് ബില്ലുകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത്. എന്നിരുന്നാലും എല്ലാ ഫയലുകളും കാലവിളംബം കൂടാതെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**